# കേരള സർക്കാർ

## ജലവിഭവ വകുപ്പ് (ചെറുകിട ജലസേചന വിഭാഗം)

## ദർഘാസ് പരസ്യം

നമ്പർ ടി.എൻ.03/എ.ഇ.ഇ./2018-19 തിയ്യതി 01-03-2019

കേരള ഗവർണർക്കുവേണ്ടി കുറ്റിപ്പുറം ചെറുകിട ജലസേചന ഉപവിഭാഗം അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ താഴെ ചേർത്തിരിക്കുന്ന പ്രവൃത്തികൾക്ക് നിർദ്ദിഷ്ട യോഗ്യതയുള്ള അംഗീകൃത കരാറുകാരിൽ നിന്നും മുദ്ര വെച്ചതും, പ്രവൃത്തിയുടെ പേരും നമ്പറും ആലേഖനം ചെയ്തിട്ടുള്ളതുമായ കവറുകളിൽ മത്സരാടിസ്ഥാനത്തിലുള്ള ദർഘാസുകൾ ക്ഷണിച്ചുകൊള്ളുന്നു. ദർഘാസുകൾ ദർഘാസ് ദിവസം (21-03-2019 ന്) ഉച്ചയ്ക്കുശേഷം 3.00 മണി വരെ സ്വീകരിക്കുന്നതും അന്നേ ദിവസം 3.30 മണിക്ക് തൽസമയം ഹാജരുള്ള കരാറുകാരുടെ സാന്നിദ്ധ്യത്തിൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറോ, അദ്ദേഹം അധികാരപ്പെടുത്തുന്ന മറ്റ് ഉദ്യോഗസ്ഥനോ ദർഘാസുകൾ തുറക്കുന്നതുമായിരിക്കും. പ്രസ്തുത ദിവസം സർക്കാർ അവധി പ്രഖ്യാപിക്കുകയാണെങ്കിൽ അതിന് തൊട്ട് പിന്നീടുള്ള പ്രവൃത്തി ദിവസം ടി.സമയത്ത് ദർഘാസുകൾ തുറക്കുന്നതാണ്. ദർഘാസുകൾ രജിസ്റ്റേർഡ് തപാൽ, സ്പീഡ് പോസ്റ്റ് എന്നിവ വഴി മാത്രമേ സ്വീകരിക്കുകയുള്ളൂ. കൊറിയർ സർവ്വീസ് വഴി അയക്കുന്നതോ, നേരിട്ട് നൽകുന്നതോ ആയ ദർഘാസുകൾ സ്വീകരിക്കുന്നതല്ല. തപാൽ തകരാറുമൂലമോ, മറ്റോ കാലതാമസം വന്നാൽ ഡിപ്പാർട്ട്മെന്റ് യാതൊരു ഉത്തരവാദിത്വവും ഏറ്റെടുക്കുന്നതല്ല. ദർഘാസിന്റെ കാലാവധി അത് സ്വീകരിക്കുന്ന തീയ്യതി മുതൽ 2 മാസം വരെയായിരിക്കും.

| ക്രമ നമ്പർ | ദർഘാസ് നമ്പർ | പ്രവൃത്തിയുടെ പേര് | അടങ്കൽ തുക (രൂപ) | നിരദ ദ്രവ്യം (രൂപ) | ദർഘാസ് പ്രമാണത്തിന്റെ വില |
|---|---|---|---|---|---|
| 1. | 07/2018-19 | പദ്ധതി പരിപാലനം - കാലടി പഞ്ചായത്തിലെ പോത്തന്നൂർ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയുടെ 2018-19 ലെ വാർഷിക അറ്റകുറ്റ പ്രവൃത്തികൾ | 2,23,313/- | 5,600/- | 500 + GST |
| 2. | 08/2018-19 | പദ്ധതി പരിപാലനം - തവനൂർ പഞ്ചായത്തിലെ തവനൂർ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയുടെ 2018-19 ലെ വാർഷിക അറ്റകുറ്റ പ്രവൃത്തികൾ | 2,07,556/- | 5,200/- | 500 + GST |
| 3. | 09/2018-19 | പദ്ധതി പരിപാലനം - എടപ്പാൾ പഞ്ചായത്തിലെ മാണൂർ കായൽ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയുടെ 2018-19 ലെ വാർഷിക അറ്റകുറ്റ പ്രവൃത്തികൾ | 2,57,231/- | 6,500/- | 600 + GST |
| 4. | 10/2018-19 | പദ്ധതി പരിപാലനം - കാലടി പഞ്ചായത്തിലെ ഞണ്ടൂർണ്ണിക്കുളം ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയുടെ 2018-19 ലെ വാർഷിക അറ്റകുറ്റ പ്രവൃത്തികൾ | 2,01,786/- | 5,100/- | 500 + GST |
| 5. | 11/2018-19 | പദ്ധതി പരിപാലനം - തവനൂർ പഞ്ചായത്തിലെ മദിരശ്ശേരി ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയുടെ 2018-19 ലെ വാർഷിക അറ്റകുറ്റ പ്രവൃത്തികൾ | 2,06,366/- | 5,200/- | 500 + GST |
| 6. | 12/2018-19 | പദ്ധതി പരിപാലനം - തവനൂർ പഞ്ചായത്തിലെ തൃക്കണാപുരം ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയുടെ 2018-19 ലെ വാർഷിക അറ്റകുറ്റ പ്രവൃത്തികൾ | 2,65,409/- | 6,700/- | 600 + GST |
| 7. | 13/2018-19 | പദ്ധതി പരിപാലനം - ഇരിമ്പിളിയം പഞ്ചായത്തിലെ ഇരിമ്പിളിയം ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയുടെ 2018-19 ലെ വാർഷിക അറ്റകുറ്റ പ്രവൃത്തികൾ | 2,34,918/- | 5,900/- | 500 + GST |
| 8. | 14/2018-19 | പദ്ധതി പരിപാലനം - ഇരിമ്പിളിയം പഞ്ചായത്തിലെ മങ്കേരി ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയുടെ 2018-19 ലെ വാർഷിക അറ്റകുറ്റ പ്രവൃത്തികൾ | 2,28,984/- | 5,800/- | 500 + GST |

| | | |
|---|---|---|
| ദർഘാസ് ഫോറത്തിന്റെ വിൽപ്പന | : | താഴെ ഒപ്പിട്ടിരിക്കുന്ന ഓഫീസിൽ നിന്നും 13-03-2019 മുതൽ 14-03-2019 ഉച്ചയ്ക്ക് 1.00 മണിവരെ |
| കരാറുകാരുടെ വിഭാഗം | : | ഡി യും അതിന് മുകളിലും |
| ദർഘാസ് തീയ്യതി | : | 21-03-2019 |
| ദർഘാസ് സ്വീകരിക്കൽ | : | ടെണ്ടർ ദിവസം ഉച്ചയ്ക്ക് ശേഷം 3.00 മണിവരെ |
| ദർഘാസ് തുറക്കൽ | : | ടെണ്ടർ ദിവസം ഉച്ചയ്ക്ക് ശേഷം 3.30 മണിക്ക് |
| ദർഘാസ് കാലാവധി | : | ക്രമ നമ്പർ 1,2,7 പ്രവൃത്തികൾക്ക് 7 മാസവും, 3 മുതൽ 6 വരെയും, 8 മത്തെയും പ്രവൃത്തികൾക്ക് 9 മാസവും. |

ദർഘാസ് പ്രമാണങ്ങളും മറ്റ് വിവരങ്ങളും അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഓഫീസിൽ നിന്നും നിശ്ചിത സമയത്തിനു മുമ്പായി ദർഘാസ് ഫോറത്തിന്റെ വിലയും നികുതിയും ഈ കാര്യാലയത്തിൽ അടച്ച് രേഖാമൂലം അപേക്ഷിച്ചാൽ ലഭിക്കുന്നതാണ്. ദർഘാസ് പ്രമാണത്തിനു വേണ്ടി അടക്കുന്ന തുക യാതൊരു കാരണവശാലും തിരികെ ലഭിക്കുന്നതല്ല. ദർഘാസ് പ്രമാണത്തിന്റെ ഏകദേശ വിലയാണ് മുകളിൽ കൊടുത്തിരിക്കുന്നത്. അപേക്ഷ സമർപ്പിക്കുമ്പോൾ യഥാർത്ഥ വില എത്രയെന്ന് ഓഫീസിൽ അന്വേഷിക്കേണ്ടതും ആയതും ചരക്ക് സേവന നികുതിയും ദർഘാസ് പ്രമാണത്തിനായി ഈ കാര്യാലയത്തിൽ ഒടുക്കേണ്ടതുമാണ്. ദർഘാസിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്ന കരാറുകാർ (ലേബർ കോൺട്രാക്ട് സൊസൈറ്റി ഉൾപ്പടെ) അവരുടെ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിന്റെ ഒറിജിനൽ സഹിതം നേരിട്ട് ഹാജരാകേണ്ടതാണ്. ലേബർ കോൺട്രാക്ട് സൊസൈറ്റികൾ അവർ ഏറ്റെടുത്തിരിക്കുന്ന പ്രവൃത്തിയുടെ ആകെ അടങ്കൽ തുകയുടെ സർട്ടിഫിക്കറ്റ് അതാത് രജിസ്ട്രാറിൽ നിന്നും വാങ്ങി ദർഘാസ് ഫോറത്തിനുള്ള അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്.

ദർഘാസ് പ്രമാണങ്ങൾ അംഗീകൃത കരാറുകാർക്ക് മാത്രം ലഭിക്കുന്നതും, ഇവ കൈമാറ്റം ചെയ്യാൻ പാടില്ലാത്തതുമാണ്. ദർഘാസ് ദിവസം നിശ്ചിത സമയം വരെ ദർഘാസുകൾ സ്വീകരിക്കുന്നതുമാണ്. നിരത ദ്രവ്യം പണമായി സ്വീകരിക്കുന്നതല്ല. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറെ അധികാരപ്പെടുത്തിയും ആവശ്യമായ സ്റ്റാമ്പ് പതിച്ചതുമായ നിരതദ്രവ്യം ദർഘാസിനോടൊപ്പം സമർപ്പിക്കേണ്ടതാണ്. ദർഘാസുകൾ സംബന്ധിച്ച് ജലവിഭവ വകുപ്പിൽ നിലവിലുള്ള എല്ലാ നിബന്ധനകളും ഇതിനും ബാധകമായിരിക്കും. ദർഘാസിനോടൊപ്പം 210/- രൂപയുടെ മുദ്ര പത്രത്തിൽ ശരിയായ വിധത്തിലുള്ള പ്രാഥമിക ഉടമ്പടി, ടി.ആർ. 5 രശീതിയോ, അതിന്റെ പകർപ്പോ എന്നിവ വെക്കാത്ത ദർഘാസുകളും, കവറിന്റെ പുറത്ത് പ്രവൃത്തിയുടെ പേരും നമ്പറും എഴുതാത്ത ദർഘാസുകൾ നിരസിക്കുന്നതാണ്. സർക്കാർ ഉത്തരവ് നമ്പർ (സാധ) 582/2012/WRD/തിരുവനന്തപുരം, തിയ്യതി 16-05-2012 ൽ നിർദ്ദേശിച്ച പ്രകാരം കോർ ബാങ്കിംഗ് സംവിധാനമുള്ള ബാങ്കിലെ കരാറുകാരന്റെ അക്കൗണ്ട് നമ്പറും ഐ.എഫ്.എസ്.സി. കോഡും ദർഘാസിനോടൊപ്പം സമർപ്പിക്കേണ്ടതാണ്. അല്ലാത്തപക്ഷം ദർഘാസുകൾ നിരസിക്കുന്നതാണ്. ദർഘാസുകൾ സംബന്ധിച്ച കൂടുതൽ വിവരങ്ങൾ പ്രവൃത്തി ദിവസങ്ങളിൽ ഈ ഓഫീസിൽ അന്വേഷിക്കാവുന്നതാണ്.

Office of the Asst. Executive Engineer (Irrn.) M.I. Sub Division Kuttippuram Date.............

ചെറുകിട ജലസേചന ഉപവിഭാഗം
അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയം
കുറ്റിപ്പുറം - 01-03-2019

01/03/19

അബ്ദുൾ അസീസ്.കെ.എൻ
അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ
ബഹു: കേരള ഗവർണർക്കു വേണ്ടി.

<u>പകർപ്പ്</u>

1. എക്സിക്യൂട്ടീവ് എഞ്ചിനീയർ, എം.ഐ. ഡിവിഷൻ, മലപ്പുറം.
2. ഓഫീസ് നോട്ടീസ് ബോർഡ്
3. അസി. എഞ്ചിനീയർ, എം.ഐ. സെക്ഷൻ, കുറ്റിപ്പുറം
4. വില്ലേജ് ഓഫീസർ, ഇരിമ്പിളിയം/തവനൂർ/എടപ്പാൾ/കാലടി
5. സെക്രട്ടറി, ഇരിമ്പിളിയം/തവനൂർ/എടപ്പാൾ/കാലടി ഗ്രാമപഞ്ചായത്ത്